# പതിനാലാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.311 21-06-2018-ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

ശ്രീ. സി. ദിവാകരൻ
,, ജി.എസ്.ജയലാൽ
,, വി.ആർ. സുനിൽകുമാർ
ശ്രീമതി സി.കെ. ആശ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സംസ്ഥാനത്തിന്റെ കടബാധ്യത**

| | | |
|---|---|---|
| (എ) | സംസ്ഥാനം വായ്പയെടുക്കുന്നതിന്റെ 68% നിലവിലുള്ള കടം തിരിച്ചടയ്ക്കാൻ ഉപയോഗിക്കുന്നുവെന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | 2011-2016 കാലയളവിൽ പൊതുകടം 100 ശതമാനമാണ് വർദ്ധിച്ചത്. ടി കടം ഉൾപ്പെടെ പരിപാലിക്കുന്നതിന് 2016-2017 ൽ ലഭിച്ച വായ്പയുടെ 68 ശതമാനത്തോളം വിനിയോഗിച്ചതായി 31/03/2017 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള റിപ്പോർട്ടിൽ പരാമർശമുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ കടവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം ആരോഗ്യകരമായ ഒന്നാണോ; വിശദമാക്കുമോ; | 14-)0 ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത/ ജി.എസ്.ഡി.പി. അനുപാതലക്ഷ്യം 2016-17 -ൽ 30.84% നുള്ളിൽ തന്നെ നിലനിർത്തേണ്ടതുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കട ബാദ്ധ്യത / ജി.എസ്.ഡി.പി. അനുപാതം 2016-17 ൽ 30.22 ശതമാനമായി നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) | വർദ്ധിച്ച് വരുന്ന കടബാധ്യത നേരിടുന്നതിന് ഏതൊക്കെ തരത്തിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; | സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. അപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയ പരിധിക്കുള്ളിൽ നിന്നുമാണ് സംസ്ഥാനവും ഓരോ വർഷവും കടമെടുത്ത് പോരുന്നത്. കടത്തിന്റെ പരിപാലനമടക്കമുള്ള ചെലവുകൾ വഹിക്കുന്ന പാകത്തിൽ വരവിനെ ക്രമാനുഗതമായ വർദ്ധനവിലൂടെ പ്രാപ്തമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികളാണ് കൈക്കൊണ്ടു വരുന്നത്.<br>1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ സജ്ജ |
| (ഡി) | പൊതുകടം സാമ്പത്തിക സ്ഥിതിയെ ബാധിക്കാത്ത തരത്തിൽ എപ്രകാരം മുന്നോട്ട് പോകുമെന്ന് വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | മാക്കും.<br>2. കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.<br>3. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വ്യാപാരവും വിപണനവും ബീവ റേജസ് കോർപ്പറേഷൻ ഏറ്റെടുക്കു വാൻ ഉദ്ദേശിക്കുന്നു.<br>4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗി ക്കുന്ന വാഹനങ്ങൾക്ക് ആംനസ്റ്റി സ്കീം 2018-19 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യുഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീ ഷനുകൾ രൂപീകരിക്കുന്നതാണ്.<br>6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.<br>7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽ ക്കുന്ന അപാകതകൾ പരിഹരിക്കുന്ന തിന് നടപടികൾ ആലോചന യിലാണ്.<br>8. വിവിധ സേവനങ്ങൾക്കുള്ള ഫീസു കളും ചാർജ്ജുകളും 5% വർദ്ധിപ്പിച്ചു.<br>9. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി.<br>ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട് |

അക്കൗണ്ട്സ് ഓഫീസർ